# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം. 4736 — 05.02.2014 -ൽ മറുപടി നൽകേണ്ടത്

### ജനന മരണ രജിസ്ട്രേഷനുകളുടെ സ്വകാര്യവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീമതി. അയിഷാ പോറ്റി :<br>ശ്രീ. എ. എം. ആരിഫ് :<br>ശ്രീ. കെ. വി. വിജയദാസ് : | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തി വരുന്ന ജനന മരണ രജിസ്ട്രേഷനും സർട്ടിഫിക്കറ്റ് ലഭ്യമാക്കലും ഒരു സ്വകാര്യ കമ്പനി വഴി ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ; | (എ) ഇല്ല. |
| (ബി) തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിലെ രജിസ്ട്രേഷൻ സംബന്ധിച്ച മുഴുവൻ ഡാറ്റാകളും ഒരു സ്വകാര്യ കമ്പനിയ്ക്ക് കൈമാറാൻ ഇൻഫർമേഷൻ കേരളാ മിഷനോട് നിർദ്ദേശിച്ചിട്ടുണ്ടോ ; ശേഷിക്കുന്ന കോർപ്പറേഷനുകൾക്കും ഈ നിർദ്ദേശം നൽകാനുദ്ദേശിക്കുന്നുണ്ടോ ; | (ബി) തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിലെ ജനന-മരണ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ഡാറ്റാ കൺസൽട്ടൻസി വികസിപ്പിച്ച സോഫ്റ്റ്‌വെയർ സജ്ജീകരിക്കുന്നതിനായി ടി കോർപ്പറേഷനുകളിലെ സെക്രട്ടറിമാർക്ക് കൈമാറുന്നതിനുള്ള സർക്കാർ 08-01-2014-ൽ സ. ഉ (ആർ.റ്റി) നം. 87/14/തസ്വഭവ ഉത്തരവ് പ്രകാരം ഇൻഫർമേഷൻ കേരളാ മിഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന കോർപ്പറേഷനുകൾക്ക് ഈ നിർദ്ദേശം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) ഇൻഫർമേഷൻ കേരളാ മിഷൻ തയ്യാറാക്കിയ സേവന സോഫ്റ്റ്‌വെയറും അതു വഴിയുള്ള രജിസ്ട്രേഷനും മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള തടസ്സം എന്താണ് ; പ്രസ്തുത സോഫ്റ്റ്‌വെയറിന് രണ്ടു പ്രാവശ്യം കേന്ദ്ര സർക്കാരിന്റെ അവാർഡ് ലഭിച്ചിട്ടുണ്ടോ ? | (സി) ഇൻഫർമേഷൻ കേരളാ മിഷൻ തയ്യാറാക്കിയ സേവന സോഫ്റ്റ്‌വെയറും അതു വഴിയുള്ള രജിസ്ട്രേഷനും മുന്നോട്ടു കൊണ്ടുപോകുന്നതിന് യാതൊരു വിധ തടസ്സവും ഇല്ല. പ്രസ്തുത സോഫ്റ്റ്‌വെയറിന് 2009-2010-ലെ നാഷണൽ ഇ-ഗവേണൻസ് വാർഡ്, 2001-ലെ CSI-TCS Award for Best IT Usage എന്നിവ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ